"....ഈണത്തിൽ നീ ചൊല്ലി
വിഷുപ്പക്ഷി പോലെ
കുറുമൊഴി കുറുകി നീ.....
കാതോടു കാതോരം..."

കോവിഡ് കാലം ആസ്വാദ്യകരമായി തരണം ചെയ്യുവാൻ ഉത്സാഹപൂർവം കാത്തിരുന്ന ലൈവ് സംഗീതപരിപാടിയിലൂടെ ടാലന്റഡ് ബാങ്കേഴ്സ് കേട്ട മധുര ഗാനം പാടിയ പ്രതിഭ; സോഷ്യൽ മീഡിയാ വർണ്ണപ്പകിട്ടുകളിൽ നിന്നകന്നു നില്ക്കുന്ന സർഗ്ഗോത്സവ പ്രതിഭ.

ഈയാഴ്ചയിലെ നമ്മുടെ ദളം,
ഗായിക,

**മിതു മനോജ്**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**Centralised Pension Processing Centre (CPPC) തിരുവനന്തപുരം.**

തിരുവനന്തപുരം പട്ടം സ്വദേശികളായ ശ്രീ എസ്. മനോജ് കുമാറിന്റേയും ശ്രീമതി എസ്.ഗീതയുടേയും മകൾ. ശ്രീ മനോജ് ഈ മാസം കേരള സർക്കാർ സേവനത്തിൽ നിന്നു വിരമിക്കാനിരിക്കുന്നു. ശ്രീമതി ഗീത ബാങ്ക് ഓഫ് ബറോഡ യുടെ ബാലരാമപുരം ശാഖയിൽ ഓഫീസറാണ്. പ്രശസ്തരായ അനേകം പ്രതിഭകൾക്ക് കേളീരംഗങ്ങളായ തിരുവനന്തപുരം ഹോളി എയ്ഞ്ചൽസ് ഐ.എസ്.സി സ്കൂൾ, എം.ജി. കോളേജ് എന്നീ വിദ്യാസ്ഥാപനങ്ങളിലെ പഠനത്തിലൂടെ കോമേഴ്സിലെ ബിരുദവുമായി പോസ്റ്റ് ഗ്രാഡ്വേഷൻ പഠനം തുടരുന്ന വേളയിലാണ് ബാങ്കിംഗ് കരിയറിലേക്കു കടക്കുന്നത്.

2009 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മിതുവിനെ ഒപ്പം; മിതുവിലെ സർഗ്ഗസംഗീതത്തെയും ചേർത്തു പിടിച്ചു. മൂന്നു വട്ടം എസ്.ബീ.ടി ബാങ്ക്ഫെസ്റ്റ് കലാതിലകമായ (2010, 2011,2013) താരശോഭയും സ്വന്തമാക്കി, മിതു.

അമ്മയും അച്ഛനും സഹോദരനും കൂടാതെ ചെറിയച്ഛൻ വിനോദ്കുമാറും ചേർന്ന സംഘമാണ് മിതുവിനെ പാട്ടിന്റെ പഥങ്ങളിലൂടെ നയിച്ചത്. സ്വാതി തിരുനാൾസംഗീത കോളേജിലെ പഠനം പൂർത്തിയാക്കിയ വിനോദ് കുമാർ സംഗീതത്തിന്റെ ബാലപാഠങ്ങൾ ചൊല്ലിപ്പഠിപ്പിച്ചു. മിമിക്രിയിലും താരമായിരുന്നു, അദ്ദേഹം. അകാലത്തിൽ പൊലിഞ്ഞ ചെറിയച്ഛന്റെ ഓർമ്മകളിൽ സംഭാഷണം മുറിഞ്ഞു.

മിതുവിന്റെ സംഗീതവഴികളിലെ വികാസം അനന്യമായ

തലങ്ങളിലൂടെ സ്വച്ഛന്ദം കടന്നു പോകുന്ന വിശേഷങ്ങൾ തുടരാം.

നാലു വയസ്സു മുതൽ ശാസ്ത്രീയ സംഗീത പഠനം തുടങ്ങി. കർണാടിക് സംഗീതജ്ഞരായ ശ്രീമതി ഉഷ, കേരള സർവകലാശാല സംഗീത വിഭാഗം പ്രൊഫ. സീതാലക്ഷ്മി, Dr. ഓമനക്കുട്ടി എന്നിവരുടെ ശിക്ഷണം പല കാലങ്ങളിലൂടെ നേടുവാനായി. 2005 മുതൽ ഹിന്ദുസ്ഥാനി സംഗീതത്തിൽ ഗുരുവായ അഭ്രദിത ബാനർജി യുടെ കീഴിൽ പഠനമാരംഭിച്ചു.

സ്വരലയ-കൈരളി 'ഗന്ധർവ സംഗീതം യേശുദാസ് അവാർഡ് - 2005' ൽ ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ വിജയിയായി. ''താനേ തിരിഞ്ഞു മറിഞ്ഞും തൻ” എന്ന മാസ്മരികഗാനം ആ വേദിയിൽ പാടിയതിന് ലഭിച്ച അംഗീകാരം എക്കാലവും പ്രചോദനമായി.

''താരം വാൽ ക്കണ്ണാടി നോക്കി'' എന്ന ഇഷ്ടഗാനവുമായി അമൃത ടീ വി 'സൂപ്പർസ്റ്റാർ റിയാലിറ്റി ഷോ' വിൽ പങ്കെടുത്ത് ടോപ് എയിറ്റിൽ സ്ഥാനം പിടിച്ചു.

സംഗീത ലോകത്തെ ഉണ്ണി മേനോൻ, ശ്രീനിവാസ്, മധു ബാലകൃഷ്ണൻ, നരേഷ് ഐയ്യർ, കാർത്തിക്, വിജയ് യേശുദാസ് എന്നീ പ്രഗത്ഭരോടൊത്ത് പാടുവാൻ വേദികൾ കൈ വന്നു. ജോൺസൺ മാസ്റ്റർക്കു വേണ്ടി ഒരു ഡോക്യുമെന്ററിയിൽ പാടുവാനും അവസരം ലഭിച്ചു.

ഹോളി ഏഞ്ചൽസ് സ്കൂൾ ISC തലത്തിലായിരുന്നതിനാൽ വലിയ കലാക്യാൻവാസുകളിൽ വേദികിട്ടുക അപൂർവം; അതിനാൽ സ്കൂളിലെ ഉത്സവച്ഛായയിൽ ആവോളം ആസ്വദിച്ചു പാടി. സ്കൂൾ പഠനകാലത്ത് പതിമൂന്നാം വയസ്സു മുതൽ കർണാടക സംഗീതത്തിനുള്ള CCRT സ്കോളർഷിപ്പിന് അർഹയായി.

2009 ൽ എസ് ബീ ടി യിലെത്തിയപ്പോൾ വന്നു ചേർന്ന കലാതിലകപ്പട്ടങ്ങൾ ആ ഉത്സാഹത്തിന്റെ തുടർച്ചയായി കരുതുന്നു.

2017 മുതൽ എസ് ബി ഐ യിലേക്കുള്ള മാറ്റവും തന്റെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് അവസരങ്ങളേറെ നല്കി. എസ്.ബി.ഐ 'സർഗോത്സവ' കലാ വേദികളിൽ പ്രതിഭാസമ്പന്നരായ അനേകം കൂട്ടുകാരെ കിട്ടി.ആ വേദികളിലൂടെ തന്റെ കഴിവുകൾ സഹൃദയ സമക്ഷം അർപ്പിച്ച്
ബാങ്ക് ജീവിതം തുടരുന്നു.

കൊല്ലം- കടയ്ക്കൽ, പാലക്കാട്- എരിമയൂർ, കല്പാത്തി, പറളി, ഒലവക്കോട് ശാഖകൾ കഴിഞ്ഞ് ഇപ്പോൾ തിരുവനന്തപുരം CPPC യിൽ എത്തി നില്ക്കുന്നു ബാങ്ക് ജീവിതം.

ഇതിനിടയിൽ തളിരിട്ട കുടുംബ ജീവിതവും രാഗലയതാളത്തിൽ ഈണമാകുന്നു. പാലക്കാട് ഒലവക്കോട് സ്വദേശിയും വ്യവസായിയുമായ ശ്രീ. നായർ പ്രസാദ് രാമചന്ദ്രന്റെ ജീവിത സഖിയായി, ഏഴു വയസ്സുകാരൻ അക്ഷജ് പ്രസാദ്, രണ്ട് വയസ്സുകാരി അനന്തിക പ്രസാദ് എന്ന രണ്ടോമനകളുടെ അമ്മയായി. ശ്രീ പ്രസാദ് നന്നായി പാടും. തിരുവനന്തപുരം ഗുഡ് ഷെപേർഡ് സ്കൂളിൽ പഠിക്കുന്ന അക്ഷജിന് പെയിന്റിംഗും തബലയും ഒരു പോലെ വഴങ്ങും.

അച്ഛൻ മനോജ്കുമാറിന്റെ റിട്ടയർമെന്റ് കാത്തിരിക്കുന്ന കോവിഡ് ലോക് ഡൗൺ കാലത്ത് ടാലന്റഡ് ബാങ്കേഴ്സ് താല്പര്യപൂർവം ക്ഷണിച്ചു ഈ ഗായികയെ തങ്ങളുടെ ഓൺലൈൻ സംഗീത കൂട്ടായ്മയിൽ ഭാഗഭാക്കാകുവാൻ.  സാമൂഹ്യമാധ്യമങ്ങളിലൂടെ തീരെ അറിയപ്പെടാത്ത എന്നാൽ സംഗീത വേദികളിലെ നിറസാന്നിദ്ധ്യമായ മിതു ആ ക്ഷണം സ്വകരിച്ചു. വന്നു. പാടി. കീഴടക്കി. തുടക്കത്തിൽ സൂചിപ്പിച്ച "കാതോടു കാതോരം" എന്ന ഹിറ്റ് ഗാനവുമായി നമ്മുടെ ഞായറാഴ്ചയെ ധന്യമാക്കി.

ഗായകൻ രാജാമണിയാണ് മിതുവിലേക്കുള്ള ഞങ്ങളുടെ അന്വേഷണത്തെ സഹായിച്ചത്. തന്നോടൊത്ത് എസ് ബി ഐ സർഗോത്സവ വേദികളിൽ പാടുന്ന മിതുവിന്റെ ഗാനശകലങ്ങൾ അടങ്ങിയ ലിങ്കുകൾ അദ്ദേഹം അയച്ചു തന്നു.

സർഗ്ഗപ്രതിഭയായ മിതു മനോജി (മിതു പ്രസാദ്) നും കുടുംബത്തിനും ടാലന്റഡ് ബാങ്കേഴ്സിന്റെ ആശംസകൾ

**ENGLISH VERSION**

May we blissfully exhort you to take heed of the musical journey of an exceptionally talented banker ; a music aficionado who seized the attention of talented bankers community through her to-die-for rendition of the song 'Kathodu Kathoram' through a live musical show hosted in a bid to delightfully expend the trying times of covid .She is some one of that sort who chooses to stay oblivious of the vibes and hues of social media platforms.Its our privilege to acquaint you with this quintessential talent.

Mithu Manoj
State Bank of India
Centralised Pension Processing Centre (CPPC)
Trivandrum.

Mithu was born to Shri S Manoj Kumar and Smt S Geetha who are natives of Pattom in Trivandrum.Mr Manoj is about to retire from Kerala state Government service this month. Mrs Geetha is an officer at Balaramapuram branch of Bank of Baroda.

Mithu had her schooling at Holy Angels ICSE School in Trivandrum which chiselled many a talent to perfection. She graduated from MG College and ventured into banking career when she was undergoing post graduation in Commerce.She joined State Bank of India in 2009 where she could contentedly further her seamless musical journey.

Mithu won the title of 'Artist of the Year' at SBT Bank Fest for 3 years (2010, 2011,2013) in a row. Mithu's mother, father, brother and her fathers brother Vinod kumar revved up her talent and led her through the eternal paths of music.

Mr Vinod kumar who learned music from Swathi Thirunal Music College taught her the first lessons of music. He excelled in mimicry also. Mithu found herself at a loss of words and abridged her convo abruptly when she crowded past her memories of her late uncle.Let's have a glimpse at her voyage through the pathways of music which traversed greater heights in due course.

Mithu had the privilege of learning music from the age of four under the tutelage of famed Carnatic musicians like Ms. Usha, Prof. Seetha Lekshmi and Dr. Omanakutty. She started learning Hindustani music under Abhradhita Banerjee from 2005 onwards.

Mithu became the winner of Swaralaya- kairali Gandharva Sangeetham Yesudas Award 2005 in Junior Girls Category. She gained widespread recognition for her transcendental rendition of the song 'Thane Thirinjum Marinjum'

Mithu made it to top eight in Superstar reality show aired in Amrita Television Channel, singing the song Tharam Valkannadi Nokki.
She got opportunities to share her stages with legendary singers like Unni menon, Madhu Balakrishnan, Naresh Iyer, Karthik and Vijay Yesudas. One of the most memorable of her feats is that she sang for Johnson Master in a documentary.

Being in ICSE school, chances were slim for fortifying her talents but she utilized them to the fullest as and when they crossed her path. When at school, she was awarded CCRT Scholarship for Carnatic Music from the age of thirteen. The title of ''Kalathilakam' she won at various fests after she joined SBT in 2009 were sequels to her perseverance and enthusiasm. Since she became a part of SBI in 2017, she got plenty of opportunities to nurture her creative pursuits.

She made friends with many talented people as she moved with no relent from one followed by another at SBI sargotsav venues.

Having started her career at Kadakkal branch of the bank in Kollam, and Erimayoor, Kalpaathi, Parali and Olavakkode branches in Palakkad, she is presently working in CPCC Trivandrum.

Her family life attunes to her musical life. Shri Nair Prasad Ramachandran, native of Olavakkode in Palakkad is her life long companion. She is mom to two cuteness personified kids- Seven years old Akshaj who is adept at Painting and playing Tabla and 2 years old Ananthika Prasad.

During the days of lockdown we invited Mithu to be a part of our fraternity comprising of musicians. Being some one who mesmerizes audience through her music performances on stage while being a stolid stranger to social media platforms, Mithu accepted our invitation and made our Sunday memorable though her commendable and inimitable performance which painted an indelible experience to music buffs.

It's Mr. Rajamony who acquainted us with this talented banker. He shared with us links of his songs with Mithu on stage at SBI sargotsav.

We wish Mithu Manoj and her family all success in their pursuits ahead.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram